നം.20/2017/SRG/CC (20)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.03.2018 ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ച കഴിഞ്ഞ് 2.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 4.B നമ്പർ ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം ഹാജർ രജിസ്റ്റർ പ്രകാരം

### 1.പദ്ധതി പുരോഗതി അവലോകനം

=======================

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി അവലോകനം ചെയ്തു. 21.03.2018-വരെയുള്ള പദ്ധതി പുരോഗതി താഴെ ചേർക്കുന്നു. ആകെ പദ്ധതി ചെലവ് 66.56 ശതമാനമാണ്. ട്രഷറിയിൽ സമർപ്പിച്ചിരിക്കുന്ന ബിൽ കൂടി ചേർത്താൽ 71.37 ശതമാനം വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | - | 73.00 | ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | - | 71.00 | ,, |
| മുനിസിപ്പാലിറ്റി | - | 62.00 | ,, |
| കോർപ്പറേഷൻ | - | 56.00 | ,, |
| ജില്ലാ പഞ്ചായത്ത് | - | 51.50 | ,, |

ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കണ്ണൂർ ജില്ലയിലും (75.41 ശതമാനം) ഏറ്റവും കുറവ് കോഴിക്കോട് (64.92 ശതമാനം) ജില്ലയിലുമാണ്.

2018-19 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 1161 തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ട് എൻട്രി ആരംഭിച്ചിട്ടുണ്ട്. ആകെ 83,600 പ്രോജക്ടുകൾ സുലേഖയിൽ എൻട്രി ചെയ്തിട്ടുണ്ട്. 382 തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചു.

എഴുപുന്ന ഗ്രാമപഞ്ചായത്ത് ഒഴിച്ച് എല്ലാ ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും 31.03.2018 നകം 2018-19 വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുമെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. പരപ്പനങ്ങാടി, ഒറ്റപ്പാലം, കൽപ്പറ്റ , കൊച്ചി കോർപ്പറേഷൻ എന്നിവ ഒഴിച്ച് എല്ലാ നഗരസഭകളും 31.03.2018 നകം വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുമെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചു. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും 31.03.2018-നകം 2018-19-ലെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുമെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

1. തുടർന്നുള്ള ദിവസങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഈ വർഷത്തെ പദ്ധതി നിർവഹണം ദൈനം ദിനം അവലോകനം ചെയ്ത് പ്രശ്നങ്ങൾ

പരിഹരിക്കാൻ കൃത്യമായ നടപടി ബന്ധപ്പെട്ട വകുപ്പ മേധാവികൾ സ്വീകരിക്കണം.

നടപടി:-1) പഞ്ചായത്ത് ഡയറക്ടർ
2) നഗരകാര്യ ഡയറക്ടർ
3) ഗ്രാമവികസന കമ്മീഷണർ

1. എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും നഗരസഭകളും 31.03.2018 നകം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നു എന്ന് പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ എന്നിവർ ഉറപ്പ വരുത്തണം. അതിന് വേണ്ടി വകുപ്പമേധാവികൾ എല്ലാ ദിവസവും അവലോകനം നടത്തണം.

നടപടി:-1) പഞ്ചായത്ത് ഡയറക്ടർ
2) നഗരകാര്യ ഡയറക്ടർ
3) ഗ്രാമവികസന കമ്മീഷണർ

2. **മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.1 05.03.2018-ൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും അങ്കണവാടി ജീവനക്കാർക്ക് ഓണറേറിയം സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ് കഴിഞ്ഞ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നിർദ്ദേശിച്ചിരുന്നത്. ഇതു ബന്ധപ്പെട്ട ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ/ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട് എന്ന് നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും അറിയിച്ചു. താഴെപ്പറയും പ്രകാരമുള്ള വിവരങ്ങളാണ് വേണ്ടത്.

1) 2017-18 ൽ യഥാർത്ഥത്തിൽ ആവശ്യമുള്ള തുക.
2) പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വകയിരുത്തിയിട്ടുള്ള തുക
3) 28.02.18 വരെ നൽകിയ തുക
4) മാർച്ചുമാസത്തിൽ നൽകാൻ കഴിയുന്ന തുക
5) അലോട്ട്മെന്റിൽ നിന്നു കുറവു ചെയ്ത് നൽകാവുന്ന തുക. [1 - (3+4)].

അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ 3-ാം ഗഡുവിൽ കുറവുചെയ്ത തുക ട്രാൻസ്ഫർ ക്രഡിറ്റ ചെയ്തതിനു ശേഷമേ തുക ചെലവഴിക്കാൻ കഴിയു എന്ന് ധനവകുപ്പ് അറിയിച്ചിരുന്നു. എന്നാൽ ഈ പ്രക്രിയ 24.03.18-നകം പൂർത്തിയാക്കിയാൽ മതിയെന്ന് ധനവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഒരു യോഗം 22.03.2018-ൽ തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) സെക്രട്ടറിയുടെ ചേംബറിൽ ചേരാൻ തീരുമാനിച്ചു. പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർ യോഗത്തിൽ പങ്കെടുക്കണം. മുകളിൽ പറഞ്ഞ പ്രകാരം തുക ട്രാൻസ്ഫർ ക്രഡിറ്റ ചെയ്യാനുണ്ടെങ്കിൽ അതിന് പ്രത്യേകം പ്രോജക്ട് തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ തുക അടയ്ക്കേണ്ടതാണ്.

ഇതു സംബന്ധിച്ച പ്രത്യേക നിർദ്ദേശം വകുപ്പ നൽകും. ഇതിനാവശ്യമായ ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഇ.പി.എ)
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) എക്സിക്യൂട്ടീവ് ഡയറക്ടർ , ഐ.കെ.എം.

2. (i) ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപ്പ് വർഷം റ്റി.എസ്.പി. ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും പട്ടികവർഗ്ഗ ഗുണഭോക്താക്കൾ ഇല്ല. ഈ തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കണം. ആവശ്യമായ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇത് സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാനുള്ള സൗകര്യം സാംഖ്യയിൽ ഒരുക്കുന്നതാണ്. എന്നാൽ ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് ഈ പ്രശ്നം നിലനിൽക്കുന്നത് എന്നത് സംബന്ധിച്ച വിവരങ്ങൾ (പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ പേര്, അനുവദിച്ച റ്റി.എസ്.പി വിഹിതം എന്നിവ) പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ എന്നിവർ 22.03.2018-ലെ യോഗത്തിൽ നൽകണം.

നടപടി:-1) പഞ്ചായത്ത് ഡയറക്ടർ
2) നഗരകാര്യ ഡയറക്ടർ
3) ഗ്രാമവികസന കമ്മീഷണർ

(ii) 2018-19 സാമ്പത്തിക വർഷത്തെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം 2011-ലെ പട്ടികവർഗ്ഗ ജനസംഖ്യയെ അടിസ്ഥാനമാക്കിയാണ് വിതരണം ചെയ്തിട്ടുള്ളത്. ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ പട്ടിക വർഗ്ഗ കുടുംബങ്ങളുടെ എണ്ണം നാമമാത്രമാണ്. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന റ്റി.എസ്.പി. വിഹിതം ജനകീയാസൂത്രണ മാനദണ്ഡപ്രകാരം ചെലവഴിക്കുന്നതിന് സാധിക്കുന്നില്ല. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നതിന്റെ ലിസ്റ്റ് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ ശേഖരിച്ച് 2018 ഏപ്രിൽ 30നകം അഡീഷണൽ ചീഫ് സെക്രട്ടറിക്കു നൽകണം.

നടപടി:-1) പഞ്ചായത്ത് ഡയറക്ടർ
2) നഗരകാര്യ ഡയറക്ടർ
3) ഗ്രാമവികസന കമ്മീഷണർ

## മറ്റു തുടർ നടപടികൾ

### ഖണ്ഡിക 3.5

ലൈഫ് പദ്ധതി പ്രകാരം വീട് പൂർത്തീകരണത്തിന് മാറ്റിവച്ച തുക അധികമുണ്ടെങ്കിൽ ആ തുകയിൽ നിന്ന് ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഭൂരഹിതരായ ഭവന രഹിതർക്ക് സ്ഥലം വാങ്ങി നൽകുന്നതിന് ഉപയോഗിക്കാവുന്നതാണ്. ഭൂമി വാങ്ങുന്നതിന് നൽകാവുന്ന തുക

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിലെ നിലവിലെ നിരക്കായിരിക്കണം. വിസ്തീർണ്ണവും അതു തന്നെയാണ്. ഇതു സംബന്ധിച്ച ഉത്തരവ് ഉടനെ നൽകുന്നതാണ്.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**ഖണ്ഡിക 3.7**

അടുത്ത വർഷം മുതൽ വലിയ പ്രോജക്ടുകളുടെ ബിൽ തുക നൽകുന്നതിന് പാർട്ട് ബിൽ സംവിധാനം നിർബന്ധമായും അവലംബിക്കണം. പദ്ധതി ചെലവ് വർഷാന്ത്യത്തിൽ കേന്ദ്രീകരിക്കുന്നത് ഒഴിവാക്കുന്നതിനും പദ്ധതി നിർവഹണം വേഗത്തിലാക്കുന്നതിനും ഇതു സഹായകരമാകും. പാർട്ട് ബിൽ നൽകുമ്പോൾ ശേഷിക്കുന്ന ഭാഗം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള മുൻ കരുതൽ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ എടുക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ മുകളിലേയ്ക്കുള്ള എഞ്ചിനീയർമാരുടെ വാർഷിക വിലയിരുത്തൽ ഫോമിൽ ഇപ്രകാരം ഓരോരുത്തരും പദ്ധതികളുടെ പാർട്ട് ബില്ലുകൾ നൽകിയതിന്റെ വിശദാംശങ്ങൾ കൂടി self appraisal ഭാഗത്തു ചേർക്കുന്നതിനുള്ള നടപടി എൽ.സ്.ജി.ഡി ചീഫ് എഞ്ചിനീയർ സ്വീകരിക്കണം. 01.01.2018 മുതൽ ഇത് ആരംഭിക്കുകയും വേണം. ഇത് സംബന്ധിച്ചുള്ള നിർദ്ദേശം എല്ലാ എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

## 06.02.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.3**

ലൈഫ് പദ്ധതി പ്രകാരം 31.03.2018 വരെ പൂർത്തീകരിക്കാത്ത എത്ര ഭവനങ്ങൾ പൂർത്തീകരിച്ചു . ഇനി എത്ര പൂർത്തീകരിക്കാനുണ്ട് എന്നീ വിവരങ്ങൾ നൽകണം.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി.) വകുപ്പ്
2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

**ഖണ്ഡിക 3.7**

ലോക പരിസ്ഥിതി ദിനമായ ജൂൺ - 5ന് നടുന്നതിനായി 1..10 കോടി വൃക്ഷതൈകകൾ തയ്യാറാക്കുന്നുണ്ടെന്ന് MGNREGS പ്രതിനിധി അറിയിച്ചു.

**ഖണ്ഡിക 3.8**

ലൈഫ് മിഷൻ പദ്ധതിയിൽ ഭവന നിർമ്മാണത്തിന് പ്രീ ഫാബ്രിക്കേറ്റഡ് വീടുകൾ നിർമ്മിക്കുന്നതിന്റെ സാധ്യത സംബന്ധിച്ച് റിപ്പോർട്ട് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അവതരിപ്പിച്ചു. ഇതിന്റെ വിശദമായ റിപ്പോർട്ട് അഡീഷണൽ ചീഫ് സെക്രട്ടറിക്കു നൽകണം.

നടപടി:- നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി.) വകുപ്പ്
2) തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ
3) ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

## 3. പൊതുവിഷയങ്ങൾ

==================

3.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.12.2017-ലെ തീരുമാന പ്രകാരം കേരള വാട്ടർ അതോറിട്ടി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ വകുപ്പുകളിലേയ്ക്ക് പ്രോജക്ടുകളുടെ ഭാഗമായി ഡെപ്പോസിറ്റ് ചെയ്യേണ്ട തുക 31.12.2017-നകം ബന്ധപ്പെട്ട വകുപ്പിന് നൽകണമെന്ന് അറിയിച്ചിരുന്നു. എന്നാൽ 31.12.2017 എന്ന സമയ പരിധി കഴിഞ്ഞാലും തുക ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

3.2 2018-19 വർഷം ഉൾപ്പെടുത്തേണ്ട സ്പിൽ ഓവറായി ഏതൊക്കെ പ്രോജക്ടുകൾ ഉൾപ്പെടുത്താം എന്നതു സംബന്ധിച്ച നിർദ്ദേശം ഏപ്രിൽ ആദ്യവാരം നൽകുന്നതാണ്.

3.3 ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ വർഷത്തെ എസ്.എസ്.എ വിഹിതം നൽകിയിട്ടില്ല. ഇങ്ങനെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം ചെലവഴിക്കാത്ത വിഹിതത്തിൽ നിന്ന് എസ്.എസ്.എ വിഹിതം നൽകാവുന്നതാണ്.

നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

3.4 കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ് ചെയർമാൻ നൽകിയ വിഷയങ്ങൾ പിന്നീട് പരിഗണിക്കുന്നതിനായി മാറ്റി വച്ചു.

3.5 ചില തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പുവർഷം അങ്കണവാടി ജീവനക്കാർക്ക് അധിക വേതനം നൽകാൻ പ്രോജക്ട് തയ്യാറാക്കി തുക മാറ്റി വച്ചിട്ടില്ല. എന്നാൽ 3-ാം ഗഡുവിൽ നിന്ന് തുകയും കുറവു ചെയ്തിട്ടില്ല, (ഉദാ. ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത്) അത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾ അധിക വേതനം നൽകുന്നതിന് മതിയായ തുക വകയിരുത്തി പ്രോജക്ട് തയ്യാറാക്കി ഈ സാമ്പത്തിക വർഷം തന്നെ തുക നൽകേണ്ടതാണ്. ഇതിന് ആവശ്യമായ വികസന ഫണ്ട് ലഭ്യമല്ലായെങ്കിൽ തനത് ഫണ്ട് വകയിരുത്തി തുക നൽകണം. ഇതിൽ വീഴ്ച വരുത്താൻ പാടില്ല. ഈ വർഷം തുക കണ്ടെത്താൻ കഴിയാതെ വന്നാൽ അടുത്ത വർഷം (2018-19) ആദ്യം തന്നെ ഇതിന്റെ കുടിശ്ശിക നൽകാൻ അനുവദനീയമായ ഫണ്ടുപയോഗിച്ച് പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

നടപടി:- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്

3.6 KURDFC യിൽ നിന്നും വായ്പ എടുത്ത് കുടിശ്ശികയായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം ചെലവാകാതിരിക്കുന്ന അനുവദനീയമായ പദ്ധതി തുകയിൽ നിന്ന് കുടിശ്ശിക അടയ്ക്കാൻ അനുമതി നൽകുന്നു. (ഐ.എ2/26/18/ തസ്വഭവ)

നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

3.7 ABC പദ്ധതി നടപ്പാക്കാൻ പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിക്കാതെ കിടപ്പുണ്ട്. കൂടാതെ സംയുക്ത പ്രോജക്ട് എന്ന നിലയിൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും മുഖ്യ നിർവ്വഹണ സ്ഥാപനത്തിന് (ഉദാ. ജില്ലാപഞ്ചായത്തിന്) തുക കൈമാറിയിട്ടുണ്ട്. ഇതും ചെലവഴിക്കാതെ കിടപ്പുണ്ട്. ഇങ്ങനെയുള്ള തുക ഉപയോഗിച്ച് ABC പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ ഈ പദ്ധതിയ്ക്ക് മാറ്റി വച്ചിട്ടുള്ള തുക കുടുംബശ്രീക്ക് കൈമാറി പദ്ധതി നടത്തിപ്പ് കുടുംബശ്രീയെ ഏൽപ്പിക്കാവുന്നതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

3.8 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ചില വകുപ്പുകളുടെ പദ്ധതി നിർവഹണം വളരെ മന്ദഗതിയിലാണ് . ഇത് ഏതൊക്കെ വകുപ്പാണെന്നു കണ്ടെത്തി വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പ ഡയറക്ടർമാർക്കും ജില്ലാ കളക്ടർമാർക്കും നൽകണം. ഈ വകുപ്പുകളുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പ്രത്യേകമായി ശേഖരിക്കണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ

3.9 2018 മാർച്ച് 31വരെ ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും പ്രശ്നങ്ങൾ അപ്പപ്പോൾ പരിഹരിക്കാൻ വേണ്ട ഇടപെടലുകളും ക്രമീകരണങ്ങളും പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറകടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ ചെയ്യണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ

## 4. പ്രത്യേക വിഷയങ്ങൾ

======================

### 4.1 നീലം പേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.03.2018-ലെ A2-298/2018-ാം നമ്പർ കത്ത്

കൈതാരം തെങ്ങനടി റോഡ് മണ്ണിട്ടുയർത്തൽ എന്ന പ്രോജക്ട് (പ്രോ.നം. 156/17, അടങ്കൽ 1.00 ലക്ഷം രൂപ) 2016-17-ൽ പൂർത്തിയായി. 31.03.2017-ൽ ബിൽ ( 97,500/- രൂപ) ട്രഷറിയിൽ സമർപ്പിച്ചു. ബിൽ ക്യൂ ലിസ്റ്റായിയെങ്കിലും തുക നൽകിയില്ല. സാംഖ്യ സോഫ്റ്റ് വെയറിൽ അലോട്ട്മെന്റ്തുക റദ്ദ് ചെയ്യാത്തതിനാൽ ലഭ്യമായ തുക 2500/- രൂപ മാത്രമേയുള്ളൂ. അതിനാൽ ബാക്കി തുക തനത് ഫണ്ട് ഉപയോഗിച്ചു ഭേദഗതി ചെയ്യാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

### 4.2 ബഹു. കുന്നമംഗലം എം.എൽ.എ.യുടെ 29.12..2017-ലെ K-303/17-ാം നമ്പർ കത്തും ചാത്തമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.12.2017-ലെ A1-1231/17- -ാം നമ്പർ കത്തും.

പഞ്ചായത്തിൽ 8,9 വാർഡുകളിൽ ഇറിഗേഷൻ വകുപ്പ് NABARD ഫണ്ടുപയോഗിച്ച് നായർ കുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നുണ്ട്. അടങ്കൽ 1,42,00,000/- രൂപ . എസ്റ്റിമേറ്റ് തുകയെക്കാൾ 37.99% അധിക തുകയ്ക്കാണ് ടെണ്ടർ ആയത്. അധിക തുക പഞ്ചായത്ത് നൽകുന്നു. ഇതിനായി 10,61,500/- രൂപ വികസനഫണ്ടും 27,13,500/- രൂപ തനത് ഫണ്ടും ഉൾപ്പെടുത്തി ആകെ 37,75,000/- രൂപയുടെ പ്രോജക്ട് തയ്യാറാക്കി. ബാക്കി തുകയും കൂടി ചേർത്ത് 39,28,498/- രൂപ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചനീയർക്ക് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ധനവകുപ്പിന്റെ അനുമതി നേടണമെന്ന നിബന്ധനയോടെ അംഗീകാരം നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

### 4.3 പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.03.2018-ലെ കത്ത്.

കോങ്ങാട് സി.എച്ച്.സി.യിൽ അധികമായി 2 ഡോക്ടർമാരെയും 1 ലാബ് ടെക്നീഷ്യനെയും1 സ്റ്റാഫ് നേഴ്സിനേയും നിയമിച്ചുവെങ്കിലും മൂന്നു മാസം കഴിഞ്ഞു പിരിച്ചുവിട്ടു. തുടർന്നും ഇവരെ നിയമിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഉച്ചകഴിഞ്ഞുള്ള സമയങ്ങളിലെ സേവനത്തിന് (1.00മുതൽ 7.00 വരെ) നിയമിക്കാനായി അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്

**4.4 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 07.03.2018-ലെ കത്ത്**

പദ്ധതി നിർവ്വഹണം വിലയിരുത്തുന്നതിന് സഹായകരമാകും വിധം എല്ലാ ത്രിതല പഞ്ചായത്ത് വൈസ് പ്രസിഡന്റുമാർക്കും ഒരു ലാപ് ടോപ് വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്

**4.5 ബഹു. കോട്ടയ്ക്കൽ എം.എൽ.എയുടെ 05.03.2018-ലെ കത്തു ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.04.2017-ലെ 6(1)-ാം നമ്പർ ഭരണസമിതി തീരുമാനവും**

ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ ആശാരിക്കടവ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം വൈദ്യുതി കുടിശ്ശിക വന്നതിനാൽ കഴിഞ്ഞ 7 വർഷമായി പ്രവർത്തന രഹിതമായി. പലിശയടക്കം 2,63,943/- രൂപ കുടിശ്ശികയുണ്ട്. ഇതിലെ പലിശ ഒഴിവാക്കി ബാക്കി തുക ഗഡുക്കളായി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പഞ്ചായത്ത് തലത്തിൽ കെ.എസ്.ഇ.ബി.യുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കണം

നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

**4.6 കല്ലിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.02.2018-ലെ A2-560/(14)/-ാം നമ്പർ കത്ത്**

2016-17 വർഷം തെരുവുവിളക്ക് സ്ഥാപിക്കലിനുവേണ്ടി (LED) 47,38,000/- രൂപയുടെ പ്രോജക്ട് നടപ്പാക്കി. ഇതിൽ 20,88,400/- രൂപ ടെണ്ടർ സേവിംഗ്സ് ഉണ്ട്. ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് LED തെരുവുവിളക്ക് സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** സ്പിൽ ഓവർ പ്രോജക്ടായതിനാൽ ടെണ്ടർ സേവിംഗ്സ് ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.7 ശാന്തിനഗർ റസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റിന്റെ 16.03.2018-ലെ SRA/Gen/11/2018-ാം നമ്പർ കത്ത്**

റസിഡന്റ്സ് അസോസിയേഷൻ മെമ്പർമാർ വാങ്ങിയ 5 സെന്റ് സ്ഥലത്ത് ടിൻ ഷീറ്റ് മേൽക്കൂരയോടുകൂടിയ ഷെഡ് ഉണ്ട്. തദ്ദേശവാസികളുടെ ജീവകാരുണ്യ പ്രവർത്തനത്തിനുമാത്രം ഉപയോഗിക്കുന്ന ഈ ഷെഡ് സാമ്പത്തിക വരുമാനത്തിന് ഉപയോഗിക്കുന്നില്ല. ഇതിന് വാർഷിക നികുതിയായി 12,000/- രൂപ കോർപ്പറേഷൻ നിശ്ചയിച്ചിട്ടുണ്ട്. നികുതിയിൽ നിന്ന് ഒഴിവാക്കി നൽകണമെന്നു സംബന്ധിച്ച്

**തീരുമാനം :-** ഇതിന്മേൽ വകുപ്പുതലത്തിൽ നടപടിയെടുക്കാൻ നിർദ്ദേശിക്കുന്നു

നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

**4.8 അടിമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 02.03.2018-ലെ കത്ത്**

കായിക പരിശീലനം എന്ന പേരിൽ ഒരു പ്രോജക്ട് നടപ്പാക്കി വരുന്നു(പ്രോ.നം.33/18 അടങ്കൽ 5.00 ലക്ഷം രൂപ). KFA യുടെ അംഗീകൃത കോച്ചുമാർ മുഖേന 19 വയസ്സിൽ താഴെയുള്ള യുവതീ യുവാക്കൾക്ക് കൊന്നത്തടി പഞ്ചായത്തിൽ വച്ച് അവധി

ദിവസങ്ങളിൽ പരിശീലനം നൽകി വരുന്നു. ഇതിന്റെ ചുമതല രജിസ്റ്റേഡ് ക്ലബ്ബായ പ്രതീക്ഷ ആട്സ് & സ്പോർട്സ് ക്ലബിനെയാണ് എൽപ്പിച്ചിരിക്കുന്നത്. പരിശീലന പരിപാടിയിൽ ഇതുവരെ 2,65,000/- രൂപ ചെലവായി (പരിശീലകരുടെ ഓണറേറിയം, റിഫ്രെഷ്മെന്റ് ചാർജ്ജ്, കായികോപകരണങ്ങൾ തുടങ്ങിയവയ്ക്ക്). സബ്സിഡി മാനദണ്ഡത്തിൽ പറയാത്തതിനാൽ ഇതിന്റെ തുക അനുവദിക്കാൻ കഴിയില്ല എന്ന് ബി.ഡി.ഒ അറിയിച്ചതനുസരിച്ച് പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച് വെറ്റിംഗ് നടപടിക്രമം പാലിച്ച് നടപ്പാക്കിയ പ്രോജക്ടാണെന്ന് കോഓർഡിനേഷൻ കമ്മിറ്റി വിലയിരുത്തി. തുക നൽകാൻ നിർദ്ദേശിക്കുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്

## 4.9 ഉമ്പമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.02.2018-ലെ T2/119/18-ാം നമ്പർ കത്ത്

മാലിന്യ സംസ്കരണത്തിന് സ്ഥലം ഏറ്റെടുക്കാൻ(പ്രോ.നം. 51/18, അടങ്കൽ 5.00 ലക്ഷം രൂപ) അജൈവ മാലിന്യ ചംക്രമണ പാർക്ക് സ്ഥലം വാങ്ങൽ (പ്രോ.നം.106/18, അടങ്കൽ 4,24,489/- രൂപ) എന്നീ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. സ്ഥലം വാങ്ങാൻ അനുമതി നൽകിയില്ലെങ്കിൽ മെറ്റീരിയൽ കളക്ഷൻ സെന്റർ പ്രവർത്തിക്കാൻ കെട്ടിടം വാടകയ്ക്ക് എടുക്കാനും വാടക വികസനഫണ്ടിൽ നിന്നു നൽകാനും അനുമതി സംബന്ധിച്ച്

**തീരുമാനം :-** നടപടിക്രമങ്ങൾ പാലിച്ച് സ്ഥലം വാങ്ങാൻ അനുമതി നൽകുന്നു. ഇതിന് കാലതാമസമുണ്ടെങ്കിൽ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം പ്ലാന്റ് തൽക്കാലം വാടക കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

## 4.10 കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.01.2017-ലെ A2-77/2018-ാം നമ്പർ കത്തും 16.12.2017-ലെ 24(2)-ാം നമ്പർ ഭരണസമിതി തീരുമാനവും

ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകുന്നതിനുള്ള ഗ്രാമസഭാ ലിസ്റ്റ് തയ്യാറായിട്ടുണ്ട്. ഇവരുടെ പേരിൽ വാഹനമുണ്ടോ എന്ന് RTO ഓഫീസ് മുഖേന പരിശോധന നടത്തി. ശ്രീ. ബാബു കുര്യാക്കോസ് കല്ലിങ്കൽപാടം എന്ന ആൾക്ക് 2009-ൽ ബൈക്ക് ഉണ്ടായിരുന്നു. അദ്ദേഹം അപകടത്തിൽപ്പെട്ട് കാൽ മുറിച്ചു കളഞ്ഞു. വാഹനം വിറ്റു എങ്കിലും വാങ്ങിയ ആൾ ഉടമസ്ഥത മാറ്റിയില്ല. ഈ വാഹനത്തിന്റെ നിലവിലെ ഉടമസ്ഥനെ കണ്ടെത്താൻ കഴിയുന്നില്ല. ഇയാൾക്ക് മുച്ചക്ര വാഹനം നൽകാമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നത് സംബന്ധിച്ച്

**തീരുമാനം :-** പഞ്ചായത്ത് നടപ്പാക്കിയ നടപടിക്രമങ്ങൾ വേണമെന്ന് മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ല. ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ മുച്ചക്രവാഹനം നൽകാവുന്നതാണ്.

അനാവശ്യമായ നടപടിക്രമങ്ങൾ ഒഴിവാക്കേണ്ടതാണെന്ന് യോഗം നിരീക്ഷിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.11 പെരുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.02.2018-ലെ 358/17-ാം നമ്പർ കത്ത് .**

മാമ്പുഴ സർവ്വേ അനുബന്ധ പ്രവർത്തനങ്ങൾ എന്ന പേരിൽ ഈ വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. പ്രോ.നം.207/18. അടങ്കൽ 3,30,000/- രൂപ(തനത് ഫണ്ട്) മാമ്പുഴ പുഴയെ മാലിന്യ വിമുക്തമാക്കുന്നതിന്റെ ഭാഗമായി സർവേ നടത്തുന്നുണ്ട്. സർവ്വേ നടപടികൾക്ക് സഹായകരമാകും വിധം കാട് വെട്ടിത്തെളിക്കുക, ടോട്ടൽ സ്റ്റേഷൻ വാടക, തോണി വാടക, ലഘു ഭക്ഷണ ചെലവുകൾ, മറ്റു സൗകര്യമൊരുക്കൽ ഇവയ്ക്ക് തുക ചെലവഴിക്കുന്നു. ഇത്തരം ചെലവുകൾക്ക് നിശ്ചിത നിരക്കില്ലാത്തതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥനും (സെക്രട്ടറി) വെറ്റിംഗ് ഓഫീസറും അംഗീകരിക്കുന്ന നിരക്ക് പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.12 ചെന്നിത്തല- തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.2017-ലെ C1-419/17ാം നമ്പർ കത്തും 21.10.2017-ലെ 1-ാം നമ്പർ ഭരണസമിതി തീരുമാനവും**

പാലിയേറ്റീവ് കെയർ പ്രവർത്തനത്തിനായി മിനി ആംബുലൻസ് വാങ്ങാൻ 5.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം.162/18) ആംബുലൻസ് വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.13 കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ 16.03.2018-ലെ C5551/PW13/69087/16-ാം നമ്പർ കത്ത്**

ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട കേസുകളിലെ തുക കെട്ടിവയ്ക്കണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. 61,70,447/- രൂപയാണ് കെട്ടിവയ്ക്കാനുള്ളത്. വികസനഫണ്ട് പ്രോജക്ടുകളിലെ ചെലവഴിക്കപ്പെടാത്ത തുക ഉപയോഗിച്ച് ഇതു നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പൊതുവിഭാഗം വികസനഫണ്ട്/തനത് ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

**4.14 വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 08.03.2018-ലെ കത്ത്.**

എരനെല്ലൂർ ക്ഷേത്രക്കുളം നവീകരിക്കുന്നതിന് ബഹു വർഷ പ്രോജക്ടായി 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷം 25.00 ലക്ഷം രൂപ. ഒന്നര ഏക്കർ സ്ഥലത്തുള്ള കുളത്തിന്റെ നികുതി അടയ്ക്കുന്നത് മലബാർ ദേവസ്വം ബോർഡാ

ണെങ്കിലും ഉടമസ്ഥത സംബന്ധിച്ച മറ്റ് രേഖകൾ ഇല്ല. ഉപാധിരഹിതമായി ക്ഷേത്രക്കുളം ജില്ലാ പഞ്ചായത്തിന് വിട്ടുനൽകാമെന്നറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ ആസ്തി അല്ലാത്തതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** പൊതു ആവശ്യത്തിന് വിട്ടു നൽകണം, MGNREGS ന്റെ പരമാവധി സാധ്യത ഉപയോഗിച്ചുകൊണ്ട് പ്രോജക്ട് ഭേദഗതി ചെയ്യുവേണം നടപ്പാക്കേണ്ടത് എന്നീ നിബന്ധനകളോടെ അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.15 ബഹു. കോട്ടയ്ക്കൽ എം.എൽ.എ.യുടെ 09.03.2018-ലെ കത്തും കോട്ടയ്ക്കൽ നഗരസഭാ ചെയർമാന്റെ 06.03.2018-ലെ PW2-19405/17-ാം നമ്പർ ഭരണസമിതി തീരുമാനവും.**

മുനിസിപ്പൽ ചെയർമാൻ ഉപയോഗിച്ചു വരുന്ന വാഹനം (KL 55M-3414) സി.എച്ച്.സി.യ്ക്ക് കൈമാറാൻ 19.12.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഇത് സി.എച്ച്.സി.യ്ക്ക് കൈമാറാനും 3 വർഷത്തെ ഡ്രൈവറുടെ വേതനമടക്കമുള്ള തുടർ ചെലവുകൾ നഗരസഭ വഹിക്കാനും അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.16 മലപ്പുറം മുനിസിപ്പൽ ചെയർപേഴ്സന്റെ 10.03.2018-ലെ BDP-1105/17-ാം നമ്പർ കത്ത്**

KURDF വായ്പാ തിരിച്ചടവ്, വരൾച്ചാ കാലഘട്ടത്തിൽ കുടിവെള്ള വിതരണം , വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം, കുടുംബശ്രീ സേവാകേന്ദ്രം വനിതകൾക്കായുള്ള കംഫർട്ട് &ഫീഡിംഗ് സ്റ്റേഷൻ, മണ്ണ് നീക്കം ചെയ്യുന്നതിന് മിനിയന്ത്രം എന്നീ പദ്ധതികൾക്കായി 2018-19-ൽ പ്രോജക്ട് തയ്യാറാക്കാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ജില്ലാ ആസൂത്രണസമിതി പരിഗണിക്കേണ്ട വിഷയമാണ്. കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചില്ല.

നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

**4.17 മലപ്പുറം മുനിസിപ്പൽ ചെയർപേഴ്സന്റെ 09.03.2018-ലെ C802/14-ാം നമ്പർ കത്ത്**

കഴിഞ്ഞ വർഷം കുടിവെള്ളം വിതരണം ചെയ്തതിന് 30,76,000/- രൂപ ചെലവായിട്ടുണ്ട്. 22.50 ലക്ഷം രൂപ ചെലവഴിക്കാൻ അനുമതിയുണ്ടായിരുന്നു. അധികമായി ചെലവായ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -:-** വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു

നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

**4.18 ആനൂർ നഗരസഭാ ചെയർപേഴ്സന്റെ 07.03.2018-ലെ കത്ത്**

പാലിയേറ്റീവ് നേഴ്സിനെ തെരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂവിൽ ANM/GNM BSc Nursing യോഗ്യതയുള്ളവർ വന്നില്ല. ഹാജരായവരിൽ നിന്നും തെരഞ്ഞെടുത്ത

ശ്രീമതി. രമ്യ. കെ.വി. എന്നയാൾ First Aid & Practical Nursing Course ഉം Certificate Course in Community Palliative Nursing-ഉം മാത്രമേ പാസായിട്ടുള്ളൂ സർക്കാർ ഉത്തരവു പ്രകാരം ഇവർക്ക് ദിവസവേതനം 250/- രൂപയാണ്. ഇത് പുതുക്കി നിശ്ചയിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനിക്കും.

നടപടി:- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്

**4.19 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.03.2018-ലെ കത്ത്**

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന 7 പ്രോജക്ടുകൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ മുൻകൂട്ടിയുള്ള അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** വാർഷിക പദ്ധതിക്കും പ്രോജക്ടുകൾക്കും അംഗീകാരം നൽകേണ്ടത് ജില്ലാ ആസൂത്രണസമിതിയാണ്. പരിഗണിച്ചില്ല.

നടപടി:- തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

**4.20 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 08.03.2018-ലെ D-170/17-ാം നമ്പർ കത്തും 28.02.2018-ലെ 2(5), 2(6) –ാം നമ്പർ ഭരണസമിതി തീരുമാനവും**

1) വേനൽക്കാലത്ത് നെൽകൃഷി സംരക്ഷിക്കുന്നതിന് ഹെക്ടറിന് 2000/- രൂപ നിരക്കിൽ355.6 ഹെക്ടർ സ്ഥലത്ത് ജലം എത്തിക്കാൻ പമ്പിംഗ് സബ്സിഡി അനുവദിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** കഴിഞ്ഞ വർഷം ഇതേ നിരക്കിൽ സബ്സിഡി നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഈ വർഷവും മുൻ വർഷത്തെപ്പോലെ കനത്ത വേനൽ വരുകയാണെങ്കിൽ സാഹചര്യം പരിഗണിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് തീരുമാനമെടുക്കാവുന്നതാണ്. ആവശ്യം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണം

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

2) ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ പുലിയൂർ പ്രീ-മെട്രിക് ഹോസ്റ്റലിൽ പഠിക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് കെമിസ്ട്രി, മലയാളം ഒഴികെയുള്ള വിഷയങ്ങൾക്ക് ട്യൂഷൻ എടുക്കാൻ പട്ടികജാതി വികസന വകുപ്പ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. കെമിസ്ട്രി, മലയാളം വിഷയങ്ങളിൽ ട്യൂഷൻ നൽകാൻ അദ്ധ്യാപകരെ നിയമിക്കാനും ഇതിനായി 80,000/- രൂപ ചെലവഴിക്കാനും അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**4.21 ബഹു. ഇരിങ്ങാലക്കട എം.എൽ.എയുടെ 05.03.2018-ലെ കത്തും ഇരിങ്ങാലക്കട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 23.01.2018-ലെ B-1113/17-ാം നമ്പർ കത്തും.**

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാറളം ഗ്രാമപഞ്ചായത്തിലെ മിനി ഇൻഡസ്ട്രിയൽ മാലിന്യ സംസ്കരണ യൂണിറ്റ്(പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്) സ്ഥാപിച്ച് പ്രവർത്തനം നടക്കുന്നുണ്ട്. ഈ യൂണിറ്റിൽ കുടുംബശ്രീ യൂണിറ്റിലെ 3 പേർ ജോലി ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള യൂണിറ്റായ തിനാൽ കാറളം ഗ്രാമപഞ്ചായത്ത് ഇവർക്ക് വേതനം നൽകുന്നില്ല. അതിനാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് തനത്/ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ഇവർക്ക് വേതനം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഷ്രെഡ്ഡുചെയ്ത പ്ലാസ്റ്റിക്കിൽ നിന്നും വരുമാനമുണ്ടെങ്കിൽ അത് ഉപയോഗിക്കണം. വരുമാനം തികയില്ലെങ്കിൽ ഗ്രാമപഞ്ചായത്തിൽ നിന്നോ ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ മാനദണ്ഡപ്രകാരമുള്ള നിരക്കിൽ വേതനം നൽകാൻ അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്

**4.22 ആയഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.02.2018-ലെ B2-348/18-ാം നമ്പർ കത്ത്**

2016-17 വാർഷിക പദ്ധതിയിലെ കിരിയങ്ങാടി പാറക്കുളങ്ങര റോഡ് ടാറിംഗ് എന്ന പ്രോജക്ട് 2017-18ലേയ്ക്ക് ക്യാരിഓവറായി ചേർക്കാൻ വിട്ടുപോയി . അതിനാൽ കരാറുകാരന് തുക നൽകാൻ കഴിയുന്നില്ല. ഇത് 2017-18-ലെ വാർഷിക പദ്ധതിയിലേയ്ക്ക് സ്പിൽ ഓവറായി ചേർക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇതിന് ആവശ്യമായ ക്രമീകരണം സുലേഖയിൽ ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിക്കുന്നു.

നടപടി - 1)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.23 പട്ടണക്കാട്ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.09.2018-ലെ pdt 15/17 നമ്പർ കത്തും ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24.02.2018-ലെ G- 14233/17-ാം നമ്പർ കത്തും ( LSGD-DA1(914/2017- LSGD)**

1) 2017-18-ലെ സ്പിൽ ഓവർ പ്രോജക്ടായ 195,196,197,198,228,232 എന്നീ നമ്പറായിട്ടുള്ള അങ്കണവാടികളുടെ റിപ്പയർ എന്ന പ്രോജക്ടിൽ ഓരോ അങ്കണവാടിക്കും 60,000/- രൂപ കേന്ദ്രാവിഷ്കൃത വിഹിതം പ്രതീക്ഷിച്ചിരുന്ന വെങ്കിലും ലഭിച്ചില്ല. അതിനാൽ പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഭേദഗതി ചെയ്യാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി തുക നൽകാൻ സുലേഖയിൽ ക്രമീകരണം ചെയ്യാൻ അനുമതി നൽകുന്നു.

നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.

2) MGNREGS മായി സംയോജിച്ച് വിത്തു തേങ്ങാ ഉത്പാദനത്തിന് പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രോജക്ട് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണം

3) പൊതു ശ്മശാനത്തിന് സ്ഥലം വാങ്ങുന്നതിന് 10.50 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അനുയോജ്യ സ്ഥലം കണ്ടെത്തി. എന്നാൽ ഈ സ്ഥലം റവന്യൂ രേഖകളിൽ നിലം എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഇത് കര ഭൂമിയാണ്. ഇവിടെ ശ്മശാനം പണിയാൻ പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.24 22.02.2018-ലെ E.M.1/78/2018/തസ്വഭവ സർക്കാർ കുറിപ്പും ഏഴുപുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.02.2018-ലെ കത്തും.**

ഉപ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 09.03.2018 വരെ തെരഞ്ഞെടുപ്പ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ 2017-18 വാർഷിക പദ്ധതി ഭേദഗതിക്കും 2018-19 പദ്ധതി രൂപീകരണത്തിനും കൂടുതൽ സമയം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 2017-18-ലെ പദ്ധതി ഭേദഗതിക്കായി പ്രത്യേക ക്രമീകരണം പഞ്ചായത്തിനായി നൽകിയിട്ടുണ്ട്

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.25 പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 15.02.2018-ലെ 2919/2017-ാം നമ്പർ കത്ത് (LSGD- DA1/239/2018/LSGD)**

ഐ.എ.വൈ ഭവനങ്ങൾക്ക് കക്കൂസ് നിർമ്മിച്ചു നൽകുന്നതിന് ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അടങ്കൽ 12,26,331/ രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം). ശുചിത്വ മിഷനിൽ നിന്നും പ്രതീക്ഷിച്ച വഹിതം ലഭിച്ചില്ല. ഈ സാഹചര്യത്തിൽ 12,26,331/- രൂപയുടെ ഈ വർഷത്തെ പ്രോജക്ട് നടപ്പാക്കാനും ശുചിത്വ മിഷൻ വിഹിതത്തിന് പകരം ബ്ലോക്ക് വിഹിതമായി 2018-19 തുക വകയിരുത്തി ചെലവഴിക്കാനും അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.

**4.26 കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14.12.2018-ലെ P11-3818/17-ാം നമ്പർ കത്ത് (LSGD DA1/19/2018- LSGD)**

ജില്ലാ പഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന ചാത്തമംഗലം റീജിയണൽ പൗൾട്രി ഫാം കോഴി കുഞ്ഞുങ്ങൾ, മുട്ട, ഇറച്ചിക്കോഴി എന്നിവ ഉൽപാദിപ്പിക്കുന്നുണ്ട്. സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ എല്ലാ ജില്ലകളിലേയ്ക്കും കോഴി കുഞ്ഞുങ്ങളെ നൽകുന്ന അക്രഡിറ്റഡ് ഏജൻസിയായി ഈ ഫാമിനെ നിശ്ചയിക്കണമെന്നും തുക മുൻകൂറായി ഈ സ്ഥാപനത്തിലേയ്ക്ക് അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

4.27 ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.02.2018-ലെ C1-8620/17-ാം നമ്പർ കത്ത് (LSGD DA1/206/2018-LSGD)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ. ശിവപ്രസാദ് മുകുളവിള പടിഞ്ഞാറ്റതിന്റെ മകളുടെ വിവാഹത്തിന് ധനസഹായം ലഭിക്കാൻ അപേക്ഷ നൽകിയത് 90 ദിവസത്തിനുശേഷമാണ്. പ്രത്യേക പരിഗണന നൽകി ഇവർക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

4.28 ചോക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്. (ലഭിച്ചത് 27.02.2018)LSGD  DA1/205/2018- LSGD)

താഴെപ്പറയുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുത്തതാണ്. സർക്കാർ മാർഗ്ഗരേഖ പ്രകാരം അർഹരായ വനിതാ ഗുണഭക്താക്കൾ ഇല്ലാത്തതിനാൽ (വരുമാനദായകരായ പുരുഷൻമാരില്ലാത്ത കുടുംബം ) വനിതകൾ കുടുംബ നാഥകളായി വരുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ അനുമതി സംബന്ധിച്ച്

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്ടിന്റെ പേര് | പദ്ധതി വിഹിതം |
|---|---|---|---|
| 1 | 198/18 | കിടാരി വളർത്തൽ (വനിത) | 5,76,000/- രൂപ |
| 2 | 192/18 | പെണ്ണാട് വിതരണം (വനിത) | 5,40,000/- രൂപ |
| 3 | 210/18 | പെണ്ണാട് വളർത്തൽ (എസ.സി. വനിത) | 1,20,000/- രൂപ |
| 4 | 211/18 | പെണ്ണാട് വളർത്തൽ (എസ്.റ്റി വനിത) | 1,20,000/- രൂപ |

**തീരുമാനം :-** അനുമതി നിരസിച്ചു

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

4.29 ബഹു. ചിറ്റൂർ എം.എൽ.എ.യുടെ 21.02.2018-ലെ കത്തും ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 14.02.2018-ലെ കത്തും ( LSGD  DA1/198/2018-LSGD)

2017-18-ലെ സ്പിൽ ഓവർ പ്രോജക്ടുകളിലെ തുകയും നിർവഹണ യോഗ്യമല്ലാത്ത പ്രോജക്ടുകൾ ഉപേക്ഷിച്ചും പുതിയ പ്രോജ്കടുകൾ എടുക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

4.30 വയലാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.02.2018-ലെ C-8-2041/14-ാം നമ്പർ കത്ത്

ശുചിമുറി അറ്റകുറ്റപ്പണിക്ക് 14.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. യൂണിറ്റ് ചെലവ് 7000/- രൂപ. കടലോര മേഖല ആയതിനാൽ പ്രത്യേക അനുമതി നൽകണമന്നു സംബന്ധിച്ച്.

**തീരുമാനം :-** കോഓർഡിനേഷൻ കമ്മിറ്റിയുടെ മുൻ യോഗങ്ങളിൽ തീരുമാനിച്ചതുപോലെ ഡൈജെസ്റ്റീവ് ഭാഗത്തിന്റെ അറ്റകുറ്റപ്പണി, തറ ശരിയാക്കൽ, കതക് മേൽക്കൂര തുടങ്ങിയവയുടെ അറ്റകുറ്റപ്പണി എന്നിവയ്ക്കായി അനുമതി

നൽകുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകണം

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.31 മധൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.01.2018-ലെ A1-6775/2017-ാം നമ്പർ കത്ത് (LSGD- DA1/225/2018-LSGD)**

2016-17-ലെ പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള ധനസഹായം എന്ന പ്രോജക്റ്റ് ( അടങ്കൽ 3,50,000/- രൂപ) ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. മാർഗ്ഗരേഖയിൽ 50 ശതമാനം യുവതികൾ ആയിരിക്കണമെന്ന ഉണ്ടെന്നും ഇതിൽ ഇളവു നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.32 ബഹു. കൊണ്ടോട്ടി എം.എൽ.എ.യുടെ 24.02.2018-ലെ 28/18-ാം നമ്പർ കത്തും അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും**

അരീക്കോട് ബ്ലോക്ക് പഞ്ചായത്തിൽ പുലരി ന്യൂട്രിമിക്സ് യൂണിറ്റ് പ്രവർത്തിക്കുന്നു. യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഏതാനും ഉപകരണങ്ങൾ കൂടി വാങ്ങേണ്ടതുണ്ട്. (Vibrosofter, VFN, Serevwl water with sensor, Ruster തുടങ്ങിയവ) ഇതിനുള്ള തുക കണ്ടെത്താൻ യൂണിറ്റിന് സാധിക്കില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് 10.00 ലക്ഷംരൂപ വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 183/18) ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** റിവോൾവിംഗ് ഫണ്ടായി നൽകുന്നതിന് അനുമതി നൽകുന്നു

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**4.33 ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 26.02.2018-ലെ D.111/2017-ാം നമ്പർ കത്ത്.**

ചിറക്കര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന CAPEX കശുവണ്ടി ഫാക്ടറിയിൽ വനിതകൾക്ക് ടോയ് ലറ്റും ഫീഡിംഗ് സെന്ററും നിർമ്മിക്കുന്നതിനായി പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രോ.നം. 131/18. അടങ്കൽ 5.00 ലക്ഷം രൂപ . വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ പ്രോജക്ടിന് പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**4.34 കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 09.03.2018-ലെ P6-2030/16-ാം നമ്പർ കത്ത്**

മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് മാമ്പുഴയിലെ മാലിന്യം നീക്കം ചെയ്ത് ശുദ്ധീകരിക്കുന്നതിനുള്ള പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. അടങ്കൽ 1.75 കോടി രൂപ. ഈ പ്രോജക്റ്റ് സാങ്കേതികാനുമതിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയെങ്കിലും ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. മഴക്കാലത്തിനു മുമ്പ് നടപ്പാക്കേണ്ട പ്രവൃത്തി ആയതിനാൽ കോഓർഡിനേഷൻ കമ്മിറ്റി ഇടപെടണമെന്ന ആവശ്യം സംബന്ധിച്ച് .

**തീരുമാനം :-** 1) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഇത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

2) നീക്കം ചെയ്യുന്ന ചെളിമണ്ണിൽ മണലിന്റെ അംശം കൂടുതലുള്ളതിനാൽ ഇതിന് വില ഇടണമെന്നും അതിന്റെ നടപടിക്രമങ്ങൾ കൂടി പാലിക്കേണ്ടതുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു. ഇത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ കോഴിക്കോട് ജില്ലാകളക്ടറോട് നിർദ്ദേശിക്കുന്നു

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.35 കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.03.2018-ലെ കത്തും 27.02.2018-ലെ 1(4)ാം നമ്പർ ഭരണസമിതി തീരുമാനവും**

2016-17-ലെ അങ്കണവാടി കെട്ടിട നിർമ്മാണം എന്ന പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. ലോക ബാങ്ക് വിഹിതം 5,11,135/- രൂപയും സാമൂഹ്യനീതി വകുപ്പിൽ നിന്ന് 8,70,000/- രൂപയും ഉൾപ്പെടെ ആകെ അടങ്കൽ 13,81,135/- രൂപ (പ്രോ.നം. 122/18) PWD - മുഖേനയല്ല പ്രവൃത്തി ചെയ്യിച്ചത് എന്ന കാരണത്താൽ സാമൂഹ്യനീതി വകുപ്പിന്റെ വിഹിതം ലഭിച്ചില്ല. പ്രോജക്ട് ഭേദഗതി ചെയ്യാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.36 കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.03.2018-ലെ കത്തും 23.12.2017-ലെ 1(6)-ാം നമ്പർഭരണ സമിതി തീരുമാനവും**

2016-17 വർഷം മാലിന്യ സംസ്കരണ പ്ലാന്റിനുവേണ്ടി കടുത്തുരുത്തി SKV മാർക്കറ്റിൽ പ്രോജക്ട് നടപ്പാക്കി (പ്രോ.നം.133/17 - ചെലവ് 2,41,301/- രൂപ). ഈ വർഷം മാലിന്യ സംസ്കരണം - ബയോ കമ്പോസ്റ്റിംഗ് പ്ലാന്റ് എന്ന പ്രോജക്ട് നടപ്പാക്കുന്നു. (പ്രോ.നം. 152/18 - അടങ്കൽ 9,46,000/- രൂപ). 2016-17-ൽ നിർമ്മിച്ച ടാങ്കിനു മുകളിൽ പുതിയ പ്ലാന്റ് നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ബന്ധപ്പെട്ട എഞ്ചിനീയർ ഇതിന്റെ സാങ്കേതിക വശം പരിശോധിച്ച് തീരുമാനമെടുക്കണം.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**4.37 ബഹു. കയ്പമംഗലം എം.എൽ.എ.യുടെ 16.01.2018-ലെ കത്തും എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.02.2018-ലെ കത്തും**

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് സംഭരണപാത്രം നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രോ.നം. 131/18. അടങ്കൽ 12.00 ലക്ഷം രൂപ. പ്ലാസ്റ്റിക ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടതാണ് ഈ പ്രോജക്ട്. മാർഗ്ഗരേഖയിൽ ഇത് പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ പ്രത്യേക അനുമതി നൽകണമെന്നും സബ്സിഡി നിരക്ക് നിശ്ചയിച്ച് നൽകണമെന്നുള സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു. വീട്ടുകാർ/ സ്ഥാപനങ്ങൾ സ്വന്തം ചെലവിൽ സംഭരണ പാത്രം സ്ഥാപിക്കണം.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.38 അബ്ദുറഹ്മാൻ നഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.12.2017-ലെ A4-4210/17-ാം നമ്പർ കത്ത്. (LSGD - DA1/68/2018 - LSGD)**

പട്ടികകജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് ഈ വർഷം പ്രോജക്ട് എടുത്തിട്ടുണ്ട്. 4,93,000/- രൂപ അടങ്കൽ. 17 പേർക്ക് നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ അർഹരായ ഗുണഭോക്താക്കളുടെ എണ്ണം 21 ആണ്. ഇവർക്കു കൂടി ലാപ് ടോപ് നൽകാൻ പ്രോജക്ട് ഭേദഗതി ചെയ്താൽ 5.00 ലക്ഷം രൂപയിലധികമാകും. ഇ- ടെണ്ടർ ചെയ്യേണ്ടി വരും. അതിനാൽ സാധാരണ ടെണ്ടർ പ്രകാരം പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു. അധിക ഗുണഭോക്താക്കൾക്ക് പ്രത്യേക പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.39 ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 16.01.2018-ലെ C.A. 228/18-ാം നമ്പർ കത്ത്**

ഹയർ സെക്കൻഡറി സ്കൂളുകളുടെ വികസനത്തിന് RMSAപദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടുകൾ ടെണ്ടർ ഒഴിവാക്കി PTA കമ്മിറ്റി മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പാണ് തീരുമാനമെടുക്കേണ്ടത്.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.40 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 30.12.2017-ലെ E8/905/15/TDP നമ്പർ കത്ത് ( LSGD - DB 2/31/2018-0 LSGD)**

അരുവിക്കര, കല്ലിയൂർ, ആര്യങ്കോട്, പെരുങ്കടവിള, വെള്ളനാട്, കുറ്റിച്ചൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമീണ മാർക്കറ്റുകൾ നിർമ്മിച്ചു. 7.50 ലക്ഷം രൂപ വീതം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തും ജില്ലാ പഞ്ചായത്തും 10 ലക്ഷം രൂപ സംസ്ഥാന ഹോർട്ടി മിഷനും കൂടി വകയിരുത്തിയാണ് ഓരോ മാർക്കറ്റും നിർമ്മിച്ചത്. പ്രോ.നം. 549/16. എന്നാൽ കുറ്റിച്ചൽ പഞ്ചായത്ത് ഹോർട്ടി കൾച്ചറിന്റെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല എന്നതിനാൽ 10.00 ലക്ഷം രൂപ കരാറുകാരന് നൽകാൻ കഴിഞ്ഞില്ല. കരാറുകാരൻ ഇതു സംബന്ധിച്ച് ജില്ലാ പഞ്ചായത്തിൽ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ 10.00 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകണമന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.41 ഫറോക്ക് നഗരസഭാ ചെയർപേഴ്സന്റെ 30.01.2018-ലെ കത്ത് (LSGD - DB1/166/2018- LSGD)**

2011-12-ൽ 3 ലക്ഷം യൂണിറ്റ് ചെലവിൽ 24 പട്ടികജാതി വിഭാഗത്തിലെ 24 കുടുംബങ്ങൾക്ക് വാസഗൃഹം നിർമ്മിച്ചു നൽകി. അക്രഡിറ്റഡ് ഏജൻസിയായ

ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പ് മുഖേനയാണ് നിർമ്മാണം നടത്തിയത്. ഇതിന്റെ അവസാന ഗഡു 2017-18-ൽ നൽകണമായിരുന്നു. എന്നാൽ ഇത് ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. ഈ പ്രോജക്ടിന്റെ ഗുണഭോക്തൃ വിഹിതം നഗരസഭയിൽ തനത് ഫണ്ടായി സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട് ഉപയോഗിച്ച് ഫൈനൽ ബിൽ നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രോജക്ട് തയ്യാറാക്കി ഈ തുക നൽകാൻ അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.42 ചാലക്കുടി നഗരസഭാ ചെയർപേഴ്സന്റെ 24.11.2017-ലെ G2-16353/15-ാം നമ്പർ കത്ത് (2132903/2018- LSGD/OS)**

നഗരസഭയിൽ പ്രവർത്തിക്കുന്ന 50 വർഷം പഴക്കമുള്ള സ്കൂളാണ് ഇന്ത്യൻ റിപ്പബ്ലിക് മെമ്മോറിയൽ എൽ.പി. സ്കൂൾ (IRMLPS) ഈ സ്കൂളിന്റെ നടത്തിപ്പിന് മാനേജ്മെന്റിന് ശേഷിയില്ലാത്തതിനാൽ സർക്കാരിന് വിട്ടു നൽകാൻ തയ്യാറാണ്. ഇതിനുള്ള അപേക്ഷ വിദ്യാഭ്യാസ വകുപ്പിന് നൽകിയെങ്കിലും തീരുമാനമായില്ല, സ്കൂൾ കെട്ടിടം അപകടാവസ്ഥയിലാണ്. ഈ സ്കൂളിന്റെ അറ്റകുറ്റപ്പണി നടത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** സ്കൂൾ അപകടാവസ്ഥയിൽ ആയതിനാൽ സർക്കാരിലേയ്ക്ക് സ്കൂൾ വിട്ടു തരുന്നു എന്ന് മതിയായ കരാർ മാനേജ്മെന്റിൽ നിന്ന് വാങ്ങണമെന്ന നിബന്ധനയോടെ അറ്റകുറ്റപ്പണിക്ക് അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.43 ചെറുകോൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.01.2018-ലെ കത്ത് ( LSGD - DB1/137/2018/LSGD)**

പട്ടികജാതി വിഭാഗത്തിലെ ഭവന രഹിത ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകാൻ 7,10,000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 187/18/ ഗുണഭോക്താക്കൾ കുറവായതിനാലും സ്ഥലം ലഭ്യമല്ലാത്തതിനാലും ഭവന സമുച്ചയം പണിയാൻ ബുദ്ധിമുട്ടാണ്. അതിനാൽ വ്യക്തിഗതമായി ഭൂമി വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പട്ടികജാതി വികസന വകുപ്പിലെ നിരക്ക് പ്രകാരം സ്ഥലം വാങ്ങി നൽകാൻ അനുമതി നൽകുന്നു

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്

**4.44 ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.11.2017-ലെ A-4565/2016-ാം നമ്പർ കത്ത് (നം.28/FM1/2018/LSGD)**

2014-15-ൽ 1,22,000/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും 6,78,000/- രൂപ കേന്ദ്രാവിഷ്കൃത വിഹിതവും ഉൾപ്പെടുത്തി അങ്കണവാടി കെട്ടിട നിർമ്മാണത്തിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. 20.10.2015-ൽ പ്രവൃത്തി പൂർത്തിയായി. കേന്ദ്രാവിഷ്കൃത വിഹിതം ലഭിക്കാത്തതിനാൽ 1,22,000/- രൂപ മാത്രമാണ് കൺവീനർക്ക് നൽകിയത്. ബാക്കി തുക നൽകാൻ ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :--** എസ്റ്റിമേറ്റ്/ബിൽ പ്രകാരമുള്ള തുക നൽകാൻ അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

**4.45 കരിവെള്ളൂർ - പെരളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.02.2018-ലെ കത്തും 26.02.2018-ലെ 56/18(1) -ാം നമ്പർ ഭരണ സമിതി തീരുമാനവും ( LSGD - DA1/286/2018 -LSGD)**

പട്ടിക ജാതി വിഭാഗക്കാർക്കുള്ള കേന്ദ്രീകൃത തൊഴിൽ നൈപുണ്യ പരിശീലന കേന്ദ്രത്തിന് കെട്ടിടം പണിയുന്നതിന് (പ്രോ.നം. 207/18) ഗ്രാമപഞ്ചായത്ത് വിഹിതമായി 25265/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 30,00,000/- രൂപയും വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതം (കൈമാറികിട്ടുന്ന തുക) 31.03.2018നകം ചെലവഴിച്ചില്ലെങ്കിൽ സർക്കാരിലേയ്ക്ക് തിരിച്ചടക്കണമെന്നാണ് ധനവകുപ്പിന്റെ നിർദ്ദേശം. ഈ തുക 31.03.2018-നകം ചെലവഴിക്കാൻ കഴിയില്ലാത്തതിനാൽ പൂർത്തിയായ മറ്റു പ്രോജക്ടുകൾക്ക് വേണ്ടി ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.46 ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 28.02.2018-ലെ D3/19455/17-ാം നമ്പർ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന കുറിപ്പും (LSGD-DA1/276/2018 - LSGD)**

2018-19-ലെ സബ്സിഡി മാർഗ്ഗരേഖ ഭേദഗതി ചെയ്ത് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ വരുത്തണമെന്നത് സംബന്ധിച്ച്

1) ഓരോ തദ്ദേശഭരണ സ്ഥാപന തലത്തിലും ക്ഷീര വികസന മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥന്മാരെ നിശ്ചയിക്കുന്നത് സംബന്ധിച്ച്
2) പാലിനു സബ്സിഡി നൽകുന്ന പ്രോജക്ടുകൾ എടുക്കുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിർബന്ധമാക്കണം. സബ്സിഡിയുടെ അർഹതാ മാനദണ്ഡത്തിൽ ഭേദഗതി വരുത്തണം തുടങ്ങിയവ.
3) വാർഷിക വരുമാന പരിധിയിൽ മാറ്റം വരുത്തണം
4) ക്ഷീര സംഘങ്ങൾക്ക് നൽകുന്ന ധനസഹായത്തിന്റെ പരിധി സംബന്ധിച്ച്
5) ക്ഷീര സംഘങ്ങൾക്ക് നൽകുന്ന റിവോൾവിംഗ് ഫണ്ടിന്റെ നിരക്ക് നൽകുന്നത് സംബന്ധിച്ച്

**തീരുമാനം :--** ക്ഷീര വികസന വകുപ്പുമായി വിശദമായ ചർച്ച ചെയ്തതിനു ശേഷമാണ് പുതിയ സബ്സിഡി മാർഗ്ഗരേഖ തയ്യാറാക്കിയതെന്നും ക്ഷീര വികസന വകുപ്പിന്റെ മിക്ക നിർദ്ദേശങ്ങളും മാർഗ്ഗരേഖയിൽ പരമാവധി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും യോഗം വിലയിരുത്തി. അവശേഷിക്കുന്ന കാര്യങ്ങൾ വകുപ്പുമായി ചർച്ച ചെയ്ത് പിന്നീട് പരിഗണിക്കുന്നതാണ്.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

4.47 ബഹു. ഇടുക്കി എം.എൽ.എ.യുടെ 15.02.2018-ലെ 337/RA/GEN/18-ാം നമ്പർ കത്തും ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 12.02.2018-ലെ കത്തും ഇടുക്കി ജില്ലാ കളക്ടറുടെ 28.11.2017-ലെ 50/17/DPC/DPO/IKD നമ്പർ കത്തും

താഴെപ്പറയുന്ന പ്രോജക്ടുകൾ വെറ്റിംഗ് ഓഫീസറും ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയും നിരസിച്ചതാണ്. ഇവയ്ക്ക് അംഗീകാരം നൽകണമെന്ന് അറിയിച്ചിരിക്കുന്നു.

(1) സമൃദ്ധി- കൊക്കോകൃഷിക്ക് ധനസഹായം - അടങ്കൽ 26,67,000/- രൂപ
കൊക്കോ കർഷകർക്ക് തുരിശും കുമ്മായവും സബ്സിഡിയോടെ നൽകുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

2) പുരുഷ കർഷക സംഘങ്ങൾക്ക് പച്ചക്കറികൃഷിക്ക് കൂലി ചെലവിന് ധനസഹായം - അടങ്കൽ 26,00,000/- രൂപ

**തീരുമാനം :-** അനുമതി നിരസിച്ചു

നടപടി:- തദ്ദേശസ്വയംഭരണ ( ഡി.ഡി) വകുപ്പ്

3) കല്പമിത്ര - കേര കർഷകർക്ക് തെങ്ങ് സംരക്ഷണത്തിന് ധനസഹായം - അടങ്കൽ - 20,00,000/- രൂപ

തെങ്ങിന്റെ രോഗ കീടബാധ തടയുന്നതിന് മരുന്നു തളിക്കലിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

4.48 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 15.03.2018-ലെ DB3/753/12/CE/തസ്വഭവ നമ്പർ കത്ത്

വിവിധ കോർപ്പറേഷനുകളിൽ Environmental Engineer, Structural Engineer എന്നിവരെ 2017-18-ൽ 6 മാസത്തേയ്ക്ക് നിയമിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. 31.03.2018-ന് ഇവരുടെ കാലാവധി തീരും. ഇവരുടെ വേതനം ഇതുവരെ ചീഫ് എഞ്ചിനീയറുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണ് നൽകിയത്. 2018-19-ൽ ബഡ്ജറ്റ് വിഹിതം ഇല്ല. തിരുവനന്തപുരം, കൊല്ലം കോർപ്പറേഷനിൽ തുടർന്നും ഇവരുടെ സേവനം ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ എഞ്ചിനീയർമാരെ ആവശ്യമുള്ള കോർപ്പറേഷനുകളിൽ തുടർന്നും നിയമിക്കാനും കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് വിഹിതം നൽകാനും അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

നടപടി:- തദ്ദേശസ്വയംഭരണ ( ഇ.ഡബ്ല്യൂ) വകുപ്പ്

4.49 അയ്യനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.2018-ലെ കത്ത്

2016-17 വാർഷിക പദ്ധതിയിൽ സമ്പൂർണ്ണ ഗാർഹിക ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യമിട്ട്, ബയോഗ്യാസ്, റിംഗ് കമ്പോസ്റ്റ് എന്നിവയ്ക്ക് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് ശുചിത്വ മിഷനിൽ നിന്ന് സാങ്കേതിക അനുമതി ലഭിക്കുന്നതു സംബന്ധിച്ച്

**തീരുമാനം :-** 2016-17-ലെ പ്രോജക്ട് ഇനിയും തുടരേണ്ടതില്ലെന്നും ഇതേ ആവശ്യത്തിന് പുതിയ പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാ

വുന്നതാണെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടരുടെ പ്രതിനിധി അറിയിച്ചു. ഇപ്രകാരം ചെയ്യാൻ നിർദ്ദേശിക്കുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

**4.50 ചെങ്കള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.02.2018-ലെ കത്ത് ( LSGD - DA3/114/2018/LSGD)**

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് നാലു പ്രോജക്ടുകൾ പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 138/18 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 13,10,925/- രൂപ |
| 2 | 497/18 | വിവിധ ജംഗ്ഷനുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 13,35,000/- രൂപ |
| 3 | 496/18 | മിനിമാസ്റ്റ് സ്ഥാപിക്കൽ | 6,00,000/- രൂപ |
| 4 | 493/18 | പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 8,32,500/- രൂപ |

ഇവ സ്ഥാപിക്കുന്നതിന് കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയെ (KEL)-നെ ഏൽപ്പിക്കുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.51 ശാന്തൻപാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.02.2018-ലെ B1-400/18-നമ്പർ കത്ത്**

2015-16-ൽ ബഹു. ഉടുമ്പൻചോല എം.എൽ.എയുടെ പ്രാദേശിക ആസ്തി വികസന ഫണ്ടിൽ നിന്ന് ശാന്തൻപാറ ബസ് സ്റ്റാന്റ് നിർമ്മാണത്തിന് 50.00 ലക്ഷം രൂപ അനുവദിച്ചു. നിർമ്മാണ പ്രവർത്തികൾ KAICO -യെ ഏൽപ്പിച്ചു. നിർമ്മാണ ഘട്ടത്തിൽ ടോയ് ലറ്റിന് ടാങ്ക് നിർമ്മിക്കാനുള്ള സ്ഥലം പാറയായതിനാൽ എസ്റ്റിമേറ്റ് തുകയിൽ നിന്ന് അധികമായി പ്രവൃത്തി ചെയ്യേണ്ടി വന്നു. ഇതിന്റെ ചെലവ് 20.00 ലക്ഷം രൂപയാണ്. ഈ തുക KAICOയക്ക് നൽകാൻ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 20.00 ലക്ഷം രൂപ പഞ്ചായത്ത് ഈ വർഷം വകയിരുത്തിയിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തി ആയതിനാൽ തുക നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇത് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും പരിശോധിച്ച് റിപ്പോർട്ട് ചെയ്യണം. പിന്നീട് പരിഗണിക്കും .

നടപടി:- തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്

**4.52 കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 31.10.2017-ലെ E1- 1542/15-ാം നമ്പർ കത്ത് (LSGD - DB1/393/2017-LSGD)**

'മുകുളം സമഗ്ര വിദ്യാഭ്യാസ പരിപാടി' 2006-07 മുതൽ നടപ്പാക്കി വരുന്നു. 2015-16-ൽ ഈ പദ്ധതി നടപ്പാക്കിയപ്പോൾ ചോദ്യപേപ്പർ അച്ചടിച്ച വകയിൽ 5,31,017/-രൂപ ചെലവഴിച്ചു. സർക്കാർ അനുമതിയില്ലാത്തതിനാൽ ഈ ചെലവിന്മേൽ ഓഡിറ്റ് കുറിപ്പെഴുതിയിരിക്കുന്നു. ഇതിന് സാധൂകരണം നൽകുന്നത് സംബന്ധിച്ച്

**തീരുമാനം** :-:- ഓഡിറ്റ് കുറിപ്പിന്മേൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കണം

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.53 ഗ്രാമവികസന കമ്മീഷണറുടെ 19.03.2018 4531/2018/DP4/CRD നമ്പർ കത്തും തിരൂർ ബ്ലോക്ക് വൈസ് പ്രസിഡന്റിന്റെ 17.03.2018-ലെ കത്തും**

PMAY(G) പദ്ധതിയുടെ യൂണിറ്റ് നിരക്ക് 4.00 ലക്ഷം രൂപയായി ഈ വർഷം വർദ്ധിപ്പിച്ചിരുന്നു. ബ്ലോക്കിൽ 400 ഗുണഭോക്താക്കൾ ഉണ്ട്. വർദ്ധിപ്പിച്ച യൂണിറ്റ് നിരക്കനുസരിച്ചു നൽകാൻ ബ്ലോക്ക് വിഹിതമായി ഒരു ഗുണഭോക്താവിന് 80,000/- രൂപ വേണം. ചെലവഴിക്കാൻ സാദ്ധ്യത ഇല്ലാത്ത പ്രോജക്ടുകളുടെ വിഹിതം, മേഖലാ വിഭജനത്തിൽ നിന്നൊഴിവാക്കി PMAY യ്ക്കു വേണ്ടി മാറ്റി വയ്ക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** :- അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**4.54 പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.01.2018-ലെ A2/10920/17-ാം നമ്പർ കത്തും 20.03.2017-ലെ 4(3)-ലെ ഭരണസമിതി തീരുമാനവും**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി സിന്ധു കുട്ടാലി എന്ന ആളുടെ മകളുടെ വിവാഹം 24.02.2015-ൽ നടന്നുവെങ്കിലും അപേക്ഷ നൽകിയത് 01.02.2017-നാണ്. (ജില്ലാ കളക്ടർ മുഖേന) ഇവർക്ക് ധനസഹായം നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം** :- അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.55 മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.02.2018-ലെ A2-2642/17-ാം നമ്പർ കത്ത്**

കുടിവെള്ള വിതരണത്തിനായി 7 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉണ്ട്. ഇവയ്ക്ക് 23.01.2018നാണ് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചത്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.12.2017-ലെ യോഗ തീരുമാനപ്രകാരം പ്രവൃത്തികളുടെ തുക 31.12.2017-നകം ബന്ധപ്പെട്ട വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. 31.12.2017 എന്ന സമയ പരിധി ഒഴിവാക്കി നൽകണമെന്നാവശ്യം സംബന്ധിച്ച്

**തീരുമാനം** :-- അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.56 കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 08.03.2018-ലെ P1-5554/17-ാം നമ്പർ കത്ത് (LSGD- EW3/193/2018/LSGD)**

കോർപ്പറേഷന്റെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും സാങ്കേതിക അനുമതി നൽകുന്നതും പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗമാണ് . ഇതിന് കാലതാമസമുണ്ടാകുന്നുണ്ട്. ഇതിനു പരിഹാരമായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വകുപ്പിനെ ചുമതലപ്പെടുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** 22.09.2015-ലെ 2878/2015 തസ്വഭവ ഉത്തരവു പ്രകാരം ഇതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിക്ക് മുകളിൽ പറഞ്ഞ ചുമതലകൾ നിറവേറ്റാവുന്നതാണെന്ന് ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ഉത്തരവിൽ ത്രിതല പഞ്ചായത്തുകൾ എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് നഗരസഭകൾക്കു കൂടി ബാധകമാക്കാൻ തീരുമാനിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്

**4.57 ഗുരുവായൂർ മുനിസിപ്പൽ ചെയർപേഴ്സന്റെ 12.03.2018-ലെ കത്ത്**

UIDSSMT( Urban Infrastructure Development Scheme for Small and Medium Town) പദ്ധതി പ്രകാരം നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരിച്ചു വരികയാണ്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 10 ശതമാനം തുക നഗരസഭ നൽകണം. പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

**4.58 ഗുരുവായൂർ മുനിസിപ്പൽ ചെയർപേഴ്സന്റെ 11.03.2018-ലെ കത്ത്**

ഗുരുവായൂർ നഗരസഭയ്ക്ക് 'അമൃത്' ൽ (Atal Mission for Rejuvination and Urban Transformation) നഗരസഭയ്ക്ക് ലഭിച്ച പദ്ധതികളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചു വരുന്നു. ഇതിന്റെ 20 ശതമാനം നഗരസഭ നൽകണം ഇതിനായി 14-ാം ധനകാര്യ കമ്മീഷന്റെ വിഹിതം ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു. അധികമായി 20 ശതമാനം തുക ഈ പദ്ധതിയിൽ നൽകുന്നുണ്ടെന്നും അതിൽ നിന്നും ഈ ചെലവ് വഹിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചു. അധികമായി ലഭിക്കുന്ന വിഹിതത്തിൽ നിന്ന് തുക കണ്ടെത്തണം.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

**4.59 കോട്ടയം മുനിസിപ്പൽ ചെയർപേഴ്സന്റെ 03.03.2018-ലെ G12-3540/18-ാം നമ്പർ കത്ത്**

നഗരസഭയ്ക്ക് കൈമാറിയ ജില്ലാ ആശുപത്രിയിൽ ക്യാൻസർ പരിശോധന നടത്തുന്നതിന് മാമോഗ്രാം സ്കാനിംഗ് മെഷീൻ വാങ്ങാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയിട്ടുണ്ട്. ഇതിനായി 91,00,000/ രൂപയുടെ ഇൻവോയ്സ് Bapsons Health Care എന്ന സ്ഥാപനം നൽകിയിട്ടുണ്ട്. 31.03.2018-

നകം പ്രോജക്ട് പൂർത്തിയാക്കാനായി ഈ സ്ഥാപനത്തിൽ നിന്ന് മെഷീൻ നേരിട്ട് വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു. ടെണ്ടർ നടപടിക്രമം പാലിക്കേണ്ടതാണ്.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**4.60 Kerala Urban & Rural Develeopment Finance Corporation Ltd. മാനേജിംഗ് ഡയറക്ടറുടെ 15.02.2018-ലെ KURDFC/A2/249/16--ാം നമ്പർ കത്ത് (LSGD - IA2/26/2018 - LSGD)**

KURDFC-യിൽ നിന്നും വായ്പ എടുത്ത് കുടിശ്ശികയായ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉണ്ട്. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ വർഷം ചെലവാകാതിരിക്കുന്ന പദ്ധതി തുകയിൽ നിന്ന് കുടിശ്ശിക അടയ്ക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. പദ്ധതി തുകയോടൊപ്പം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഈ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** മെയിന്റനൻസ് ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല. അനുവദനീയമായ മറ്റുവിഹിതം ഉപയോഗിക്കാൻ അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

**4.61 കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ 06.02.2018-ലെ 6406/15/-നം നമ്പർ കത്ത്**

സാക്ഷരതാ മിഷന്റെ സാമൂഹ്യ സാക്ഷരതാ പദ്ധതികൾ ഉൾപ്പെടെ എല്ലാ പദ്ധതികൾക്കും കോഴ്സുകൾക്കും തുക വകയിരുത്താൻ ബ്ലോക്ക് പഞ്ചായത്തടക്കം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകണമെന്നും ഇത് 2018-19-ലെ പരിഷ്കരിച്ച മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** മാർഗ്ഗരേഖയിൽ ഇതു കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.62 05.03.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.73 തീരുമാനത്തിൽ ( ഇരട്ടി ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച് ) താഴെപ്പറയുന്ന തിരുത്ത് നൽകാൻ തീരുമാനിച്ചു.**

കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിൽ ' പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന നിരക്ക് പാലിക്കേണ്ടതാണെന്ന നിബന്ധനയോടെ അനുമതി നൽകുന്നു' എന്നത് 'പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന നിരക്ക് പാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു'

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.63 കോട്ടയ്ക്കൽ നഗരസഭ ചെയർമാന്റെ 17.03.2018-ലെ PO/13189/14-ാം നമ്പർ കത്ത്**

2014- 15 വർഷത്തിൽ സിഡ്കോയിൽ നിന്നും എടുത്ത ഭവനശ്രീ പദ്ധതിയിലേയ്ക്ക് വായ്പ എടുത്തിട്ടുണ്ട്. 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ധനകാര്യ കമ്മീഷൻ ഗ്രാന്റടക്കമുള്ള സേവിംഗ്സ് തുക ഈ വായ്പയുടെ തിരിച്ചടവിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല. ഈ വർഷത്തെ ലൈഫ് പദ്ധതിക്ക് മതിയായ തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ സേവിംഗ്സ് തുകയിൽ അനുവദനീയമായ വിഹിതമുപയോഗിച്ച് വായ്പാ കുടിശ്ശിക തിരികെയടയ്ക്കാൻ അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്

**4.64 ഏലൂർ നഗരസഭാ ചെയർപേഴ്സന്റെ 17.03.2018-ലെ PWS - 1314/18-ാം നമ്പർ കത്ത്**

പട്ടിക വർഗ്ഗ വിഭാഗത്തിന് വീടുവയ്ക്കാൻ സ്ഥലം വാങ്ങാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 393/8 - അടങ്കൽ 3,75,000/-രൂപ). ഊരുകൂട്ടം ഒരാളെ മാത്രമെ തെരഞ്ഞെടുത്തിട്ടുള്ളൂ. അദ്ദേഹത്തിന് റേഷൻ കാർഡില്ലാത്തതിനാൽ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല. ഇയാൾക്ക് സ്ഥലം വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.65 ചീക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 01.03.2018 -ലെ A - 3394/14-ാം നമ്പർ കത്ത് .**

2012-13 വർഷം " SC വൃദ്ധാരോഗ്യ പാക്കേജ്"(പ്രോ.നം.82/13) എന്ന പ്രോജക്ടിലൂടെ വൃദ്ധർക്ക് കട്ടിൽ, കണ്ണട, വാക്കിംഗ് സ്റ്റിക്ക്, വയോജന സംഗമത്തിന് ഭക്ഷണം, നടത്തിപ്പ് ചെലവ് എന്നിവയ്ക്കായി 3,04,710/- രൂപ ചെലവഴിച്ചു. ഇതിന്മേൽ ഓഡിറ്റ് കുറിപ്പെഴുതിയിട്ടുണ്ട്. ഇതിന് സാധൂകരണം നൽകണമന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** ഓഡിറ്റ് കുറിപ്പിന്മേൽ വകുപ്പുതല തീരുമാനമെടുക്കണം.

നടപടി:- തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്

**4.66 സിഡ്കോ ചെയർമാന്റെ 20.03.2018-ലെ MK /TG/GI/2017-18-ാം നമ്പർ കത്ത്**

സിഡ്കോയുടെ ചെറുകിട (MSME) യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ വാങ്ങുന്നതിനും ഫർണിഷിംഗ് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനും സിഡ്കോയെ ഒരു നോഡൽ ഏജൻസിയായി നിശ്ചയിക്കമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.67 അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.03.2018-ലെ കത്ത്**

പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്ത് വിഹിതമായി 3.76 കോടി രൂപ കൈമാറുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇത സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് അനുമതി ആവശ്യപ്പെട്ടിട്ടില്ല. ജില്ലാ പഞ്ചായത്ത് ഇതിനായി പ്രോജക്ട് വച്ചിട്ടുണ്ടെങ്കിൽ കൈമാറുന്നതിന് അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.68 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 17.03.2018 -ലെ കുറിപ്പ്**

അട്ടപ്പാടി മേഖലയിൽ 232 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. ഇവർക്ക് ഇനി പൂർത്തിയാക്കാനുള്ള നിർമ്മാണത്തിന് താഴെപ്പറയുന്ന രീതിയിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

| നം | ഘട്ടം | നൽകാവുന്ന തുക |
|---|---|---|
| 1 | ബെയ്സ് മെന്റ് പൂർത്തിയായവർ | 3,60,000/- രൂപ |
| 2 | ചുമരുകൾ ജനൽനിരപ്പുവരെ ആയവർ | 2,20,000/- രൂപ |
| 3 | ചുമരുകൾ മേൽക്കൂര നിരപ്പുവരെ പൂർത്തിയായവർ | 1,80,000/- രൂപ |
| 4 | മേൽക്കൂര പൂർത്തിയായവർ | 80,000/- രൂപ |

**തീരുമാനം :-** ഒരു ഭവനത്തിന് പൂർത്തീകരണ ചെലവായി 4.00 ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്. ഈ മേഖലയിലെ പിന്നോക്കാവസ്ഥയുടെ ഗുരുതര സ്വഭാവം കണക്കിലെടുത്ത് ഭവന നിർമ്മാണത്തിന് ഇതിന് മുമ്പ് നൽകിയ തുക എത്രയാണോ അത് കുറച്ചിട്ട് 4.00 ലക്ഷം രൂപയുടെ ബാക്കി തുക പട്ടികജാതി/പട്ടികവിഭാഗക്കാർക്കു മാത്രം നൽകാവുന്നതാണ്. ഇത് അട്ടപ്പാടി ബ്ലോക്കിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ് ബാധകം.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.69 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.03.2018-ലെ 9923/2017-ാം നമ്പർ കത്ത്**

ലക്ഷം വീട് കോളനികളിലെ ഇരട്ട വീട് ഒറ്റവീടാക്കുന്ന പദ്ധതി പഞ്ചായത്തിൽ നടപ്പാക്കുന്നു. റവന്യൂ അധികാരികൾ നല്കുന്ന കൈവശരേഖ പ്രകാരം ഇപ്പോൾ താമസിക്കുന്ന വ്യക്തിയുടെ പേരിൽ കെട്ടിട നിർമ്മാണത്തിന് NOCയും ആനുകൂല്യവും നൽകാൻ കഴിയുമോ എന്ന് വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 28.12.2009-ലെ 77210/DB1/9/തസ്വഭവ ഉത്തരവ് പാലിക്കേണ്ടതാണ്.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.70 ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.03.2018-ലെ A4/4810/2017-ാം നമ്പർ കത്ത്**

2015-16 വർഷം സമഗ്ര മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റുകളുടെ വിതരണം എന്ന പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഈ പ്രോജക്ട് നടപ്പാക്കിയതിന് 3,77,600/- രൂപ കൂടി ഇനിയും നൽകാനുണ്ട്. ഇത് സ്പിൽ ഓവറായി പിന്നീടുള്ള വർഷം എടുത്തിരുന്നില്ല. ഇതിനായി പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

**തീരുമാനം :-** ശുചിത്വ മിഷൻ ജില്ലാ ഓഫീസറുടെ അംഗീകാരം നേടണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

**4.71 ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.03.2018-ലെ A4/4810/2017-ാം നമ്പർ കത്തും 22.02.2018-ലെ 1(11)-ാം നമ്പർ ഭരണസമിതി തീരുമാനവും**

പഞ്ചായത്ത് ആശ്രയ കുടുംബത്തിന് വീട് വച്ചു നൽകുന്നതിന് 20.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ തുകയിൽ 2,50,000/- രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. അതിനാൽ ഈ തുക ലൈഫ് പദ്ധതി പ്രകാരമുള്ള മറ്റ് ഗുണഭോക്താക്കൾക്ക് വീട് വച്ച് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** ആശ്രയ ഗുണഭോക്താക്കൾക്ക് വീട് വച്ചു നൽകാനുള്ള തുക വകമാറ്റാവുന്നതല്ല ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.72 മരട് മുനിസിപ്പൽ സെക്രട്ടറിയുടെ 20.03.2018-ലെ കത്ത്**

വിദ്യാഭ്യാസ പ്രോത്സാഹന നടപടികളുടെ ഭാഗമായി വരുത്തിയ ചെലവിൽ ഓഡിറ്റ് വിഭാഗം കുറിപ്പെഴുതിയിരിക്കുന്നു. ഈ ചെലവിന് സാധൂകരണം നൽകണമന്നത് സംബന്ധിച്ച്

**തീരുമാനം :-** വകപ്പുതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കണം

നടപടി:- തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്

**4.73 ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10.03.2018-ലെ BDS/23/2-2018-ാം നമ്പർ കത്ത്**

ജൈവവളം, വെർമി കമ്പോസ്റ്റ് എന്നിവയുടെ ഗുണനിലവാര പരിശോധന മണ്ണിന്റേയും ജലത്തിന്റേയും പ്രാഥമിക ഗുണനിലവാര പരിശോധന തുടങ്ങിയവ നടത്തുന്ന ലാബിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്കും വകുപ്പ പദ്ധതികൾക്കും ഉപയോഗപ്പെടുത്തുന്നതിന് അക്രഡിറ്റേഷൻ നൽകണമന്നതു സംബന്ധിച്ച്

**തീരുമാനം :-** പരിഗണിച്ചില്ല. ധന വകുപ്പിന് നൽകണം.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്

**4.74 ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10.03.2018-ലെ BDS/24/2-2018-ാം നമ്പർ കത്ത്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ മുട്ടക്കോഴി വളർത്തൽ, കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യൽ, കോഴിമുട്ട സംഭരിച്ച് വിതരണം നടത്തൽ എന്നിവയ്ക്കുള്ള അക്രഡിറ്റേഷൻ നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** പരിഗണിച്ചില്ല. ധന വകുപ്പിന് നൽകണം.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.75 ബഹു. മണ്ണാർക്കാട് എം.എൽ.എ.യുടെ 21.03.2018 -ലെ കത്തും മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 17.03.2018-ല കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018-ലെ യോഗ നടപടിയും (ഖണ്ഡിക 4.46)**

നെല്ല് സംഭരണ യൂണിറ്റ് എന്ന പേരിൽ 10.00 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രോ.നം. 117/18 ബ്ലോക്കിൽ പ്രവർത്തിക്കുന്ന നെല്ലുല്പാദന സംഭരണ സംസ്കരണ വിപണന സൊസൈറ്റിയുടെ നേതൃത്വത്തിൽ നെല്ല് സംഭരണവും വിപണനവുമാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിശദമായ പ്രോജക്ടില്ലാത്തതിനാൽ 05.03.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചില്ല. വിശദാംശങ്ങൾ പ്രത്യേകമായി സമർപ്പിച്ചിട്ടുണ്ട്. നെൽകർഷകർക്ക് ഒരു കിലോ നെല്ലിന് 23.30 രൂപ സബ്സിഡിയും സൊസൈറ്റിക്ക് ഒരു കിലോ നെല്ലിന് 15.00 രൂപ ധനസഹായവും നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.76 ബഹു. ഏറനാട് എം.എൽ.എ.യുടെ 24.02.2018-ലെ 240/PKB/18-ാം നമ്പർ കത്തും അരീക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01..02.2018-ലെ A2-2735/17-ാം നമ്പർ കത്തും**

അരീക്കോട് ഗ്രാമപഞ്ചായത്തിലെ 60 വയസ്സുകഴിഞ്ഞ വയോജനങ്ങളെ മാനസിക ഉല്ലാസത്തിന് വിനോദയാത്രയ്ക്ക് കൊണ്ടുപോകുന്നതിന് പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.77 ബഹു. ചാലക്കുടി എം.എൽ.എ.യുടെ 27.02.2018-ലെ കത്ത്**

സർക്കാർ വിദ്യാലയങ്ങളിൽ MLASDF, MPLAD ഫണ്ടുപയോഗിച്ച് വാങ്ങിയ ബസ്സുകളുടെ ഇന്ധന ചെലവ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.78 ബഹു. റാന്നി എം.എൽ.എയുടെ 08.03.2018-ലെ കത്തും റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.03.2018-ലെ C5/4141/17-ാം നമ്പർ കത്തും.**

2015-16-ൽ "ഉള്ളാട്ടിൽപടി - ഫാക്ടറിപടി റോഡ് കോൺക്രീറ്റിംഗ്" എന്ന പ്രവൃത്തിക്ക് 1.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് പൂർത്തിയാക്കി. (പ്രോ.നം.87/16, ധനകാര്യ കമ്മീഷൻ ഗ്രാന്റ്). 2016 മാർച്ച് മാസം പൂർത്തീകരിച്ച പ്രവൃത്തിയുടെ ബിൽ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയില്ല. 2016-17 വർഷം ഈ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തിയില്ല. ഈ വർഷം തുക നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 1) വികസനഫണ്ടോ തനത് ഫണ്ടോ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി തുക നൽകാൻ അനുമതി നൽകുന്നു.

2) അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് വീഴ്ച വന്നിട്ടുണ്ടെങ്കിൽ പരിശോധിച്ച് നടപടിയെടുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

**4.79 ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.02.2018-ലെ കത്ത്**

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ സമഗ്ര വിദ്യാഭ്യാസ പരിപാടി എന്ന പ്രോജക്ടിന് അംഗീകാരം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** തുടർന്നുള്ള വർഷങ്ങളിൽ ഈ പ്രോജക്ട് നടപ്പാക്കാവുന്നതല്ല എന്ന നിബന്ധനയോടെ അനുമതി നല്കുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.80 പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.02.2018-ലെ കത്ത്.**

വികസനഫണ്ട് (ജനറൽ) ഉൾപ്പെടുത്തിയിരുന്ന പ്രോ.നം. 31/18, 29/18 എന്നീ പ്രോജക്ടുകളുടെ ബിൽ തുക എസ്.സി.എസ്.പി ഫണ്ടിൽ നിന്ന് തെറ്റായി നൽകി. ഇത് ക്രമപ്പെടുത്തുന്നതിന് എസ്.സി. എസ്. പി ഫണ്ട് ഉപയോഗിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഭവനം വാസയോഗ്യമാക്കൽ (പ്രോ.നം. 47/18) എന്ന പ്രോജക്ടിൽ നിന്ന് തുക വകമാറ്റി സ്പിൽ ഓവർ പ്രോജക്ടായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോ.നം. 29/17) എന്ന പ്രോജക്ട് ഭേദഗതി ചെയ്യാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** (1) മുകളിൽ ആവശ്യപ്പെട്ട ക്രമീകരണം അനുവദിക്കുന്നില്ല. എസ്.സി.എസ്.പി. വിഹിതത്തിലേയ്ക്ക് എത്ര രൂപ യാണോ പൊതു വിഭാഗത്തിൽ നിന്ന് വകമാറ്റിയത് അതിനു തുല്യമായ തുക പൊതു വിഭാഗത്തിൽ നിന്ന് പട്ടികജാതി വിഭാഗത്തിനുള്ള പ്രോജക്ടിലേയ്ക്ക് മാറ്റണം.

2) ഇതു സംബന്ധിച്ച് നടപടി സ്വീകരിച്ചുവെന്ന് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനും (അസി. സെക്രട്ടറി) സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി പട്ടിക ജാതി വികസന ഡയറക്ടർക്ക് നൽകണം.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.81 കേരള ഗവൺമെന്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ പ്രസിഡന്റിന്റെ 17.03.2018-ലെ കത്തും**

ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2015-16 വർഷത്തിൽ നടത്തിയ സ്പെഷ്യൽ റോഡ് മെയിന്റനൻസ് പദ്ധതിയിലെ പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല. ഇതിന്മേൽ നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.82 ബഹു. നെന്മാറ എം.എൽ.എയുടെ 13.05.2018-ലെ കത്തും എലവഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.02.2018-ലെ കത്ത്**

പഞ്ചായത്തിൽ ഒ.ഡി.എഫ് പദ്ധതി നടപ്പാക്കിയപ്പോൾ 14 ഗുണഭോക്താക്കൾ വിട്ടുപോയി. ഇവർക്ക് കക്കൂസ് നിർമ്മിച്ചു നൽകാൻ പിന്നീട് ധനസഹായം നൽകി. എന്നാൽ 12,000/- വീതമാണ് നൽകാൻ കഴിഞ്ഞത്. ബാക്കി തുക കൂടി (3,400/- രൂപ വീതം) നൽകാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

**4.83ബഹു. കോട്ടയ്ക്കൽ എം.എൽ.എ.യുടെ 19.03.2018-ലെ കത്തും കോട്ടയ്ക്കൽ നഗരസഭാ ചെയർമാന്റെ 15.03.2018-ലെ കത്തും**

കോട്ടയ്ക്കൽ നഗരസഭ PMAY പദ്ധതിയിൽ ഇനി ഗഡുക്കൾ നൽകാനുള്ളവർക്ക് 2017-18-ലെ പ്രോജക്ടുകളിലെ സേവിംഗ്സ് തുക (ധനകാര്യ കമ്മീഷൻ ഗ്രാന്റടക്കം) നൽകുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല. മറ്റ് അനുവദനീയമായ വിഹിതത്തിൽ നിന്നുള്ള സേവിംഗ്സ് തുക ഉപയോഗിക്കാവുന്നതാണ്.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**4.84 കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.12.2017-ലെ 8855/14(1) -ാം നമ്പർ കത്ത്**

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളുകളിലേയ്ക്ക് യാത്രാ സൗകര്യമൊരുക്കുന്നതിന് 2,40,000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സിമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. (പ്രോ.നം. 336/18) ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.85 കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.12.2017-ലെ A2- 8855/14(2) -ാം നമ്പർ കത്ത്**

പട്ടികജാതി വിഭാഗക്കാരെ സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർവ്വേ നടത്താൻ 35,500/- രൂപ വകയിരുത്തിയ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടുണ്ട്. (പ്രോ.നം. 340/18) ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.86 വാരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 21.02.2018-ലെ 8(1)-ാം നമ്പർ ഭരണസമതി തീരുമാനം**

പഞ്ചായത്തിലെ പൊതു തോടുകൾ, നീർ ചാലുകൾ എന്നിവ സംരക്ഷിക്കുന്നതിന് മെയിന്റൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** വിശദാംശങ്ങൾ ഇല്ല. അനുമതി നിരസിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.87 മാറഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.03.2018-ലെ A2/123/18-ാം നമ്പർ കത്ത്**

താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1) പ്രോ.നം. 202/18 | വിവിധ സ്കൂളുകളിലേയ്ക്ക് ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ (11 സ്കൂളുകളിലേയ്ക്ക് 30,000/- രൂപ നിരക്കിൽ) | 3,30,000/- രൂപ |
| 2) പ്രോ.നം.203/18 | വിവിധ സ്കൂളുകളിലേയ്ക്ക് എയ്റോബിക് പ്ലാന്റ് സ്ഥാപക്കൽ (2 സ്കൂളുകളിലേയ്ക്ക് 1,50,000/- രൂപ നിരക്കിൽ) | 3,00,000/ രൂപ |

മുഴവൻ തുകയും പഞ്ചായത്ത് വിഹിതമാണ്. IRTC, പാലക്കാട് നൽകിയ എസ്റ്റിമേറ്റ് പ്രകാരം പ്ലാന്റ് സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഈ യൂണിറ്റ് നിരക്ക് പ്രകാരം പ്ലാന്റ് സ്ഥാപിക്കാൻ പ്രത്യേക അനുമതി നൽകുന്നു. ശുചിത്വ മിഷന്റെ സാങ്കേതികാനുമതി വാങ്ങേണ്ടതാണ്.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**യോഗം വൈകിട്ട് 5.00 മണിക്ക് അവസാനിച്ചു**